# ജി എച്ച് എസ് എസ്

# പൂക്കോട്ടൂർ



# നവരംഗ്

# ആദ്യ മഴ



കണ്ണീർ തുള്ളിയായ് എൻ
വർണ്ണ ചിരിയിലേക്ക് നീന്തിത്തുടിച്ച്
കൊണ്ട്, കെട്ടികിടകുന്ന കറകൾ നീക്കിയെൻ
ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി.

ആദ്യ തുള്ളിയിലെ മണ്ണിൻ മണത്തിൽ
എൻ ശരീരം ആഴ്ന്നു.
ആദ്യ കണ്ണീർ തോരുമ്പോൾ
ഞാൻ വെള്ളത്തുള്ളിയാൽ തിളങ്ങുന്നു.

Ansha P 9H

# പാട്ടുത്സവം

വള്ളുവനാട്ടിലെ പരമ്പരാഗതമായ പ്രധാന ഉത്സവങ്ങളിൽ ഒന്നാണ് നിലമ്പൂർ കോവിലകത്തെ പാട്ടുത്സവം. കോവിലകത്തു മുറിയിലെ വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിലെ വലിയ കളം പാട്ട് നാടിനും നാട്ടുകാർക്കും ഉത്സവ ലഹരി തന്നെയാണ്.ധനുമാസ കുളിരിൽ മഞ്ഞിൽ കുളിച്ചു നിൽക്കുന്ന പ്രകൃതി ഉത്സവത്തിന്റെ നിറച്ചാർത്തിൽ മതി മറക്കുന്ന അസുലഭ നിമിഷങ്ങൾ. ഉത്സവത്തിന്റെ മുന്നോടിയായി നാട്ടും നഗരവും അണിഞ്ഞൊരുങ്ങുമ്പോൾ വഴി വാണിഭക്കാർ വഴിയോരങ്ങളിൽ കച്ചവടം പൊടിപൊടിക്കും. ഈത്തപ്പഴവും പൊരിയും ഹൽവയും ഒക്കെയായി കച്ചവടക്കാർ റോഡിനിരുപുറവും സ്ഥാനം പിടിക്കും . കളിപ്പാട്ടങ്ങളും വളകളും മാലകളും ഒക്കെയായി മറ്റുള്ള കച്ചവടക്കാരും. കളം പാട്ട് കഴിഞ്ഞാലും ആഴ്ചകളോളം നീണ്ടുനിൽക്കുന്ന കാർണിവൽ. യന്ത്ര ഊഞ്ഞാൽ, യന്ത്രത്തോണി, മറ്റനേകം റൈഡുകൾ, മരണക്കിണർ, മാജിക് ഷോ, ത്രീഡി ഷോ വേറെയും പലതരം കളികൾ, എത്ര കാശ് ഉണ്ടെങ്കിലും കീശ കാലിയാകുന്നത് അറിയില്ല. ഉത്സവത്തിന് പോയാൽ ആളുകളുടെ ഉന്തും തിരക്കും



ആയിരിക്കും കൂടുതലും കാണാനുണ്ടാവുക. നിലമ്പൂർ പാട്ടിന് പോകുന്നവരോട് പോയി വരുമ്പോൾ എന്തു കൊണ്ടുവരും എന്ന് ചോദിച്ചാൽ കുറച്ചു ഉന്തും തിരക്കും കൊണ്ടുവരാം എന്നായിരിക്കും മറുപടി. അച്ഛൻറെ കയ്യും പിടിച്ച് ചെറുപ്പത്തിൽ പാട്ടിനു പോയ ചെറിയ ഒരു ഓർമ്മയുണ്ട്. പിന്നീട് ഏട്ടൻ മുതിർന്ന ശേഷം പാട്ടിനു പോയി വരുമ്പോൾ കൊണ്ടുവരുന്ന ഈത്തപ്പഴം ഹൽവ പൊരി ഇവ മുടങ്ങാതെ കിട്ടാറുണ്ട് . പിന്നെ മുതിർന്നപ്പോൾ ഞങ്ങൾ വീട്ടിൽ ബഹളം വെച്ച് ഒറ്റയ്ക്ക് പോകാൻ തുടങ്ങി. ഞാനും വിനുവും റോസമ്മയും മുത്തും ഞങ്ങൾ എപ്പോഴും ഒരുമിച്ചാണ് സിനിമയ്ക്കും പാട്ടിനുമൊക്കെ പോകുന്നത്. വയസ്സിനു കുറെ താഴെ ആയതുകൊണ്ട് ചെറിയ അനിയത്തി അനിതയെ

ഞങ്ങളുടെ കൂടെ കൂട്ടാൻ ഞങ്ങൾക്കു ഇഷ്ടമല്ല. അന്നൊരു ദിവസം നിലമ്പൂർ പാട്ടിനു പോകാൻ ഒരുങ്ങിയപ്പോൾ അവളും ഞങ്ങളുടെ കൂടെ പോരാൻ വാശി പിടിച്ചു. അമ്മയുടെ നിർബന്ധത്തിനു വഴങ്ങി അവളെ കൂടെ കൊണ്ടുപോകേണ്ടി വന്നു. ചെറിയ കുട്ടിയായതുകൊണ്ട് അവളുടെ കയ്യിൽ നിന്ന് വിടരുത് എന്ന് അമ്മ പ്രത്യേകം പറഞ്ഞിരുന്നു. പാട്ടിൻറെ തിക്കിലും ബഹളത്തിനും ഇടയിൽ രണ്ടുപേർ വീതം കൈകോർത്തുപിടിച്ച് ഞങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരുന്നു. അങ്ങോട്ടും ഇങ്ങോട്ടും ആളുകളുടെ പ്രവാഹമായിരുന്നു. കോർത്തു പിടിച്ച കൈ ഇടയ്ക്ക് വിട്ടുമ്പോൾ അപ്പോൾ തന്നെ വീണ്ടും കയ്യിൽ മുറുകെപ്പിടിച്ച് മുന്നോട്ട് പോവുകയാണ്. കുറച്ച കഴിഞ്ഞ് എല്ലാവരും കൂടെയില്ലേ എന്ന് വെറുതെ തിരിഞ്ഞു നോക്കിയതാണ്. അപ്പോൾ കണ്ടത് അനിത ഞങ്ങളുടെ കൂടെ എത്താൻ പ്രയാസപ്പെട്ട് തിരക്കിനിടയിലൂടെ വരുന്നതാണ്. അപ്പോൾ പിന്നെ ഞാൻ പിടിച്ച കൈ ആരുടേതാണ് ഞാൻ പരിഭ്രമത്തോടെ നോക്കിയപ്പോൾ ഏതോ ഒരു പുരുഷൻറെ കൈ. അയാളുടെ മുഖത്ത് ഒരു ഗൂഢമായ ചിരി. ഞാൻ ആകെ ചമ്മി നാറി. കുറെ നേരം എന്റെ കൈ കുടഞ്ഞു, ഡ്രസ്സിൽ തുടച്ചു. എന്നിട്ടും കുറേ നേരത്തേക്ക് കൈയുടെ ചളിപ്പ് മാറിയില്ല. ഇടയ്ക്കിടെ ഇക്കാര്യം ഓർത്ത് ഞങ്ങൾ ചിരിക്കാറുണ്ട്. തിരക്കുള്ള സ്ഥലങ്ങളിൽ പോകുമ്പോഴൊക്കെ ആ രംഗം മനസ്സിൽ തെളിയാറുണ്ട്.

**- യു ബി**















**2023-26 ബാച്ച് പ്രിലിമിനറി ക്യാമ്പിൽ നിന്നും**

# അച്ഛന്റെ കണ്ണാടി

അച്ഛൻ വീടിന്റെ പടിയിറങ്ങുമ്പോൾ
ഉമ്മറത്തിണ്ണയിൽ ഇരുന്നു പറഞ്ഞു
ചുമരിൽ തൂക്കിയ
എന്റെ കണ്ണാടി എടുക്കൂ.

പറഞ്ഞു തീരും മുമ്പേ
അച്ഛന്റെ കണ്ണാടി ഞാൻ
ഉമ്മറത്തിണ്ണയിൽ കൊണ്ടുവെക്കും

ഒരു ദിനം ഞാൻ അച്ഛന്റെ
കണ്ണാടിയുമായി നടക്കവേ
നശിച്ചൊരു നിമിഷം
അതെന്റെ കൈയിൽ നിന്നും വീണുടഞ്ഞു



സയ്യിദ് സിനാൻ പരുത്തിക്കോട്

**10 F**

അങ്ങാടിയിൽ നിന്നും വന്നച്ഛൻ
തന്റെ കണ്ണാടി തിരക്കി,
അമ്മ വീടാകെ തിരഞ്ഞു
അച്ഛന്റെ പഴകിയ കണ്ണാടിയെ

പുലരിയിൽ അച്ഛൻ
ഉമ്മറത്തിണ്ണയിൽ
പത്രം വായിച്ചിരിക്കവെ
ഉടഞ്ഞു കിടക്കിന്നതു കണ്ടു
തന്റെ കണ്ണാടി,
പഴകിയെങ്കിലും പഴകാത്ത
തെളിമയിനി കാണില്ലല്ലോ
എന്നോർത്തച്ഛൻ
മൂകനായിരുന്നു,
ചുവരും ചാരി

## ആസ്വാദനക്കുറിപ്പ്

## ഏൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ

**ANSHA P 9H**

എനിക്ക് പ്രിയപെട്ട പുസ്തകങ്ങളിൽ ഒന്നാണ് ഏൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ 1944 നം ഇടയിൽ ആംസ്റ്റർ ഡാമിലെ ഒളിത്താവളത്തിൽ ഇരുന്നു കൊണ്ട് എൻ എന്ന കൗമാരക്കാരി എഴുതിയതാണ് ഈ ഡയറികുറിപ്പുകൾ.




ആദ്യം നമ്മുക്ക് ഏൻ ഫ്രാങ്കിനെ കുറിച്ച് പറയാം.

1929 ജൂൺ – 12 ന് ജർമനിയിലെ ഫ്രാക്കഫെട്ടിൽ ഓട്ടോ ഫ്രാങ്കിന്റേയും, എഡിത്ത് ഫ്രാങ്കിൻേയും മകളായി ഏൻ ഫ്രാങ്കിന്റെ ജനനം.

1933 എഡോൾ ഫിറ്റ്ലർ ജർമ്മനിയിൽ ജൻസില്ലർ ആയി നിയമക്കപെട്ടു. അതോടു കൂടി ജർമനിയുടെ ജാൻസില്ലർ ആയി നിയമിക്കപെട്ടു. അതോടുകൂടി ജർമനിയിൽ ജൂതരഹിതമായുള്ള നയങ്ങൾ വളരെ തീവ്രമമായി. അങ്ങനെ തന്റെ കുടുംബത്തിന്റെ ജീവിതം ജർമനിയിൽ ദുസഹമായിക്കും എന്ന് മനസ്സിലാക്കിയ ഏനിന്റെ പിതാവ് തന്റെ കുടുബത്തെടൊപ്പം ഹോലണ്ടിന്റെ തലസ്ഥാനമായിട്ടുള്ള ആസ്റ്റർഡാമിലേക്ക് കുടിയേരുകയുണ്ടായി. അന്ന് അവളുടെ പ്രായം വെറും 4 വയസ്സായിരുന്നു. തുടർന്ന് അവിടെയുള്ള 7 വർഷം സന്തോഷത്തിന്റെയും സമാധാനത്തിന്റേതുമായിരുന്നു. എന്നാൽ ആ സന്തോഷം അതികകാലം നിലന്നിന്നില്ല. 1940 ൽ ജർമനി ഹോലണ്ടിനേയും പിടിച്ചടക്കി. ജൂതന്മാരെ തിരഞ്ഞ് പിടിച്ച് കൊണ്ടുപോകുന്ന ജർമനിയുടെ ഓപ്പറേഷൻ ആംസ്റ്റർ ഡാലിലേക്കും എത്തി. അങ്ങനെ 1942 ജൂലൈ 6 ന് ഏൻ ഫ്രാങ്കിന്റെ കുടുബവും അവളും ഒളിത്താവളത്തിലേക്ക് മാറിയത്. അങ്ങനെ അന്ന് മുതൽ അവരുടെ കൂടെ മറ്റൊരു കുടുംബവും അവിടെയുണ്ട്.

ആനിന്റെ 13 ാം പിറന്നാളിനാണ് അച്ഛൻ അവൾക്കൊരു ഡയറി സമ്മാനിച്ചത്. അന്ന് മുതൽ അതിനെ "കിറ്റി” എന്ന് പേരു വിളിച്ചു കൊണ്ടു തന്റെ ഡയറിയിൽ ഒരു

സുഹൃത്തിന്റെ കത്തെയുതും പോലെയാണ ഏൻ ഡയറി എഴുതിയിരുന്നത്. ഡയറിയുടെ ആദ്യ ഭാഗത്ത് തന്റെ കൂട്ടുക്കാരെ കുറിച്ചും, സ്കൂൾ ജീവിതത്തേ കുറിച്ചും ഏൻ പറയുന്നു. പിന്നീട് തന്റെ ഒളിത്താവളത്തിലെ ജീവിതത്തെ കുറിച്ചാണ് പറയുന്നത് ആ ജീവിതം വളരെ ദുസഹനീയമായിരുന്നു. ഒരു ചുമവന്നാൽ പോലും പിടിച്ചു വെക്കേണ്ട അവസ്ഥ.

ഒരു കൗമാരക്കാരിയുടെ മാനസിക്ക പ്രശ്ണങ്ങളും കുടുംബത്തിലെ കലഹങ്ങളും ഒളിത്താവളത്തിലെ ജീവിതവും എല്ലാം ഏനിന്റെ ഡയറിയിലുണ്ട്.ഒളിത്താവളത്തിലെ ജീവിതംവളരെ ഏകാന്തതയാണ് ഏനിന്ന് സമ്മാനിച്ചത്. തന്റെ ആഗ്രഹങ്ങളും അഭിലാശങ്ങളും ആശയങ്ങളും മനോഹരമായ ഒരു ഒഴിക്കിലൂടെ ശക്തമായ ചാക്ക് പ്രയോഗത്തിലൂടെ ആനിന്റെ ഡയറിയിലെഴുതീയുണ്ട്. ഇതൊക്കെയാണ് ഈ ബുക്കിനെ മനോഹരമാക്കുന്നത്

“The Secret annex” എന്ന് ഏൻ വിശേഷിപ്പിച്ച ഒഴിത്താവളത്തിൽ 2,3 മോഷണങ്ങൾ ഉണ്ടാകുന്നുണ്ട്. ഒരു ദമ്പതികൾ ഒളിത്താവളത്തിലേക്ക് Torch അടിച്ച് നോക്കിയസമയത്ത് ഒളിത്താവളത്തിലെ ആരെങ്കിലും അവർ കണ്ടിരിക്കാം അവർ പോലീസിവനോടും വിവരം അറിയിച്ചിരിക്കാം എന്നാണ് ഏൻ പറിയുന്നത്. അങ്ങനെ ആനിന്റെ കുടുംബത്തേയും ഒളിത്താവളത്തിലെ മറ്റു ള്ളവറേയും പോലീസ് പിടിക്കുന്നു.എന്നിട്ട് അവരെ ഒരു കാബിലാക്കി. പിന്നീട് ഏനിനേയും ചേച്ചിയേയും Mrs. Wandeny നേയും മറ്റൊരു കാമ്പിലേക്കാക്കുന്നു. അവിടത്തെ അവസ്ഥ വളരെ ശോചനീയമാരുന്നു. ചുറ്റിലും വൈദ്യുതി വേലി വെച്ചിരുന്നു. മാത്രമല്ല അവിടെ Tyfes എന്ന പകർച്ചവ്യാധി കൂടിയുണ്ടായിരുന്നു. അസുഖക്കാരിയായിരുന്ന ആൻ ഫ്രാങ്ക് തന്റെ സഹോദരി മരിച്ചത് പോലും അറിഞ്ഞില്ല. പിന്നീട് ഏതാനും ദിവസങ്ങൾക്കും ഏൻ 16 വയസ്സ് പോലും തികയാതെ മരണത്തിൻ കീഴടങ്ങുകയാണ്. ഒളിത്താവളത്തിൽ നിന്നും പിടിച്ചവരിൽ ഓട്ടോഫ്രാങ്ക് മാത്രമാണ് ജീവനോട് തിരിച്ച വന്നത്. ആംസ്റ്റർ ഡാമിലെത്തിയ ഒട്ടോ ഫ്രാങ്കിൻ ഏനിന്റെ സഹൃത്താണ് ഈ diary കൈമാറിയത്.






Aliradin 9C

# LISTEN TO THE NATURE

Come with me
To see the beauty of nature
The birds chirping on the trees
The mountains are trying to touch the sky
The sun is shining
And it shows the beauty of nature


Wait a moment! Let go off all sorrows
And listen to the nature
Feel the beauty of nature
The clatter of leaves
The whisper of trees
That sends the mind into a dream

The luster of sun rise indicates a new day
The luster of sun set indicates the end of a day
Nature is a wonderful place
Thank you God for giving us the beautiful nature.

Sahla T 9H

# ഓണാഘോഷം





# ഇരുട്ടിലായ നാളുകൾ

കൊറോണമൂലം സ്കൂൾ അടച്ചിട്ട അവസരത്തിൽ വീട്ടിൽ 6:00-6:30 ക്ക് എണീറ്റ് നിസ്കരിച്ച് ചായകുടിച്ച് വെറുതെ കുത്തിയിരിക്കാലാണ് പണി. ഈ സമയത്ത് ഉപ്പ രണ്ട് കോഴികളെ വാങ്ങി കൊണ്ട് വന്നു .അതിൽ നിന്നായിരുന്നു തുടക്കം. പിന്നെ അതിന് അടവെച്ച് വിരിയിച്ച് കുറെ പെരുകി ഉണ്ടായി. ഈ രണ്ട് മൂന്ന് മാസം കോഴി വളർത്തൽ തലയിൽ കയറിയപ്പോൾ ആണ് അറബിക് കോളേജ് തുറന്നത്. അതുവരെ കോളേജ് ഓൺലൈൻ വഴി ക്ലാസ് ഉണ്ടായിരുന്നു. കോളേജിൽ എത്തിയപ്പോൾ 4:15-4:30 ക്ക് എണീക്കും. ആദ്യം ചെറിയ പ്രയാസം ഉണ്ടങ്കിലും പിന്നെ അത് ശരിയായി. കൊറോണ വന്ന് വീട്ടിലായപ്പോൾ എല്ലാവർക്കും നഷ്ടപ്പെട്ട ഒന്നാണ് കല്യാണം. കൊറോണയുടെ മുമ്പാണെങ്കിൽ ആഴ്ചയിൽ കല്യാണം ഉണ്ടായിരുന്നു. കൊറോണയാവുമ്പോൾ പച്ചമീൻ പോലും കിട്ടാത്ത സാഹചര്യം വന്നു. അതുകൊണ്ട് നല്ല ഉണക്കമീനും മുരിങ്ങാ കറിയുമായിരുന്നു വീട്ടിലെ ഉമ്മ സ്പെഷ്യൽ. ലോക്ഡൗൺ ആയപ്പോൾ അതും ഇല്ലാതായി.

ആറാം ക്ലാസ് മുതൽ ആണ് സ്കൂൾ പൂട്ടിയത്. ആറാം ക്ലാസിൽ നിന്ന് മാഞ്ഞ് പോയ ചങ്ങാതിമാരെ ഇപ്പോൾ കണ്ടാൽ ആരാ.......എന്ന് വരെ ചോദിച്ച് പോവും അതിന് 2

കാരണങ്ങൾ ഉണ്ട്. ഒന്ന് സ്വാഭാവികമായും എല്ലാവരുടേയും മുഖമൊക്കെ മാറി കാണും. മറ്റൊന്ന് ഇപ്പോൾ മാസ്ക് ഇട്ടാൽ ആർക്കും ആരേയും മനസ്സിലായി എന്ന് വരില്ല. ഇനി ഭാവിയിൽ ഏറ്റവും വരുമാനം ഉള്ള കമ്പനി മാസ്കിന്റേയും സാനിറ്റൈസറിന്റേയും ആയിരിക്കും. ചിലർക്ക് മാസ്ക് ഇടാൻ മടിയായതിനാൽ പോലീസിലൂടെ ഗവൺമെന്റിനും വരുമാനം ഉണ്ടാകും. ഈ മഹാമാരി മനുഷ്യരുടെ കഞ്ഞി കുടി മുട്ടിച്ചു.കുറേ ആളുകളുടെ പണി നഷ്ടപ്പെട്ടു. അരി സാധനങ്ങൾ വാങ്ങാൻ ആരുടേ കയ്യിലും കാശില്ല. അതിനിടയിൽ റേഷൻ കാർഡ് പുതുക്കലും കൂടി വന്നപ്പോൾ കുറഞ്ഞ അരി കിട്ടുന്നവർക്ക് പോലും ഗോതമ്പ് മാത്രമായി. പിന്നെ ആകെയുള്ള സമാധാനം പിണറായി സർക്കാറിന്റെ ചെറുപയറും കടലയും അടങ്ങിയ 'കിറ്റ്' ആണ്. കുട്ടികൾ ഒന്നരവർഷത്തെ ഇടവേളക്ക് ശേഷം അക്ഷരങ്ങൾ വരെ മറന്ന് കഴിഞ്ഞു. ഇനി കുട്ടികൾ ആദ്യംതൊട്ട് പഠിച്ചിട്ട് വേണം. പിന്നെ കുട്ടികൾ അധികമായി ഉപയോഗിക്കുന്ന ഒരു സാധനമാണ് മൊബൈൽ ഫോൺ. ഇപ്പോൾ ആണെങ്കിൽ ഓൺലൈൻ ക്ലാസ് എന്ന പേരിൽ ഫോണും നെറ്റും ഉണ്ടായത് കൊണ്ട് കുട്ടികൾ വീഡിയോ ഗെയ്മിലും യൂട്യൂബിലും ഏർപ്പെട്ട് സമയം കഴിച്ച് കൂട്ടി. ചിലർ യൂട്യൂബ് ചാനൽ ഉണ്ടാക്കി. പാചകമായും ടെക് വീഡിയോസ് ആയും വ്ലോ ഗായും കുട്ടികൾ സോഷ്യൽ മീഡിയയിലേക്കും ഇറങ്ങി വന്നു. ചിലർക്ക് രോഗം പിടിച്ചു. ചിലർ ദൈവത്തിന്റെ വിളിക്ക് ഉത്തരം നൽകി. ലോകത്തിൽ ജനസംഖ്യ താഴോട്ട് വന്നു. സൃഷ്ടാവിന്റെ കാവൽ കൊണ്ടാണ് നമുക്ക് ഒന്നും പറ്റാതിരുന്നത്. ഈ മഹാമാരി എല്ലാവരുടേയും രുചി നോക്കും.

മുഹമ്മദ് അഷ്റഫ് എം പി 10 E




# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ക്യാമ്പ്







# കാർമേഘം



എൻ കാർമേഘമേ.....
ഇയ്യുള്ളവൾ ഒരു കാര്യം
ചോദിക്കട്ടയ്യോ!?
ഇയ്യുള്ള കാലമാത്രയും
മഴയായ് ഭൂമിയിവൽ പതിഞ്ഞ്
വീണതെല്ലാം
നിൻ കണ്ണനീർ തുള്ളികളാണോ!?
അല്ലയോ,എൻ കാർമേഘമേ....
നിൻ മിഴികളിൽ നിന്ന്
ഉതിർന്ന് വീണ
കണ്ണനീർതുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന്
പേര് ചൊല്ലി വിളിക്കുന്നത് !?



ദു:ഖത്തിൽ തോണി നീ
തുഴയുമ്പോൾആണോ
നിൻ വെളുപ്പം മേനി
കറുപ്പായി
രൂപാന്തരപ്പെടുന്നത് !?
നിൻ ദു:ഖം അണപ്പൊട്ടി
വീഴുന്ന വേളയെയാണോ
ഞങ്ങൾ വർഷകാലമെന്ന്
വിശേഷിപ്പിക്കുന്നത്

Shivadha.O.P 9H

# കലാമേള















# سر ڈاکٹر علاّمہ محمد اقبال



اقبال اردو کے مشہور نظم گو شاعر ہے-

اقبال نو نومبر1877ع میں سیالکوٹ{پنجاب} میں پیدا ہوئی-

پرندے کی فریاد، ترانۂ ہندی، ہمالیہ، پہاڑ اور گلہری انکے نظمیں ہیں-

بانگِ درا، بالِ جبریل، ضربِ کلیم، ارمغانِ حجاز ان کے اردو مجموعہ ہیں-

پیامِ مشرق ،زبورِ عجم، جاوید نامہ، اسرارِ خودی اور رموزِ بے خودی ان کے فارسی مجموعہ ہیں-

"انقلاب زندہ آباد" نعرہ کا بانی اقبال ہے-

ہندوستان کے قومی گیت " ترا نئہ ہندی" اقبال نے لکھی ہے-

اکّیس اپریل 1938 ع میں انتقال ہوگیا-

Ashraf MP. 10 E



یہ آبشار ھے۔

یه ونیوسلا میں ھے۔
دنیا کے سب سے اونچا
آبشار ھے۔
دیکھو واہ!فطرت کا نظارہ کتنا
سندر ھے۔

Fathima K 10H

# നേട്ടങ്ങൾ


എട്ടാം തവണയും
ചാമ്പ്യൻമാർ


Malappuram
Subdistrict Kho Kho
Senior Boys -First


Malappuram
Subdistrict Kho Kho
Junior Boys -First


ആയിഷ ഷഹനയും ദിയയും
സംസ്ഥാന ഹാൻഡ്ബോൾ
മത്സരത്തിലേക്ക്


മലപ്പുറം സബ് ജില്ലയിലെ
വേഗതയേറിയ താരങ്ങൾ
നമ്മുടെ സ്വന്തം
100m Junior
100m Senior
Aswin Krishna
Muhammed Haseeb


ഖൊ- ഖൊ സബ് ജൂനിയർ ഗേൾസ്
രണ്ടാം സ്ഥാനം


Muhammed Shamir:8D
Arjun Vinayak:9H